# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1173 — 13.06.13 ൽ - മറുപടിക്ക്

## റേഷൻ അലോട്ട്മെന്റ്

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീമതി കെ. കെ. ലതിക : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) വടകര താലൂക്ക് സപ്ലൈ ഓഫീസറുടെ അധികാരപരിധിയിൽ എത്ര റേഷൻ കടകൾ ഉണ്ടെന്നും ഓരോ റേഷൻ കടയുടെയും പരിധിയിൽ എത്ര വീതം റേഷൻ കാർഡുകൾ ഉണ്ടെന്നും ഏതെല്ലാം വിഭാഗം റേഷൻ കാർഡുകളാണ് ഓരോ റേഷൻ കടകൾക്ക് കീഴിലുള്ളതെന്നും വ്യക്തമാക്കുമോ; | (എ) വടകര താലൂക്ക് സപ്ലൈ ആഫീസറുടെ പരിധിയിൽ 214 റേഷൻകടകളുണ്ട്. ഓരോ റേഷൻകടയുടെയും പരിധിയിൽ വരുന്ന മൊത്തം കാർഡുകളുടെ എണ്ണം, വിവിധയിനം കാർഡുകളുടെ എണ്ണം എന്നിവ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. |
| (ബി) ഓരോ വിഭാഗം കാർഡുടമകൾക്കും നൽകുന്നതിനായി 2013 ഏപ്രിൽ മാസത്തിൽ എന്തെല്ലാം ഭക്ഷ്യ സാധനങ്ങളും മണ്ണെണ്ണയും ഓരോ റേഷൻ കടകൾക്കും അനുവദിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) ഓരോ വിഭാഗം കാർഡുടമകൾക്കും നൽകുന്നതിനായി 2013 ഏപ്രിൽ മാസത്തിൽ അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ, മണ്ണെണ്ണ എന്നിവയുടെ അളവ് അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു. |
| (സി) ഏതെങ്കിലും റേഷൻ കടയുടമകൾ മുഴുവൻ അലോട്ട്മെന്റും വാങ്ങാതിരുന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) എല്ലാ റേഷൻകട ഉടമകളും മുഴുവൻ അലോട്ട്മെന്റും വാങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രേറിയിൽ ലഭ്യമാണ്**